## എം ലിബ്. ഐ.എസ്.സി. സീറ്റൊഴിവ്

കണ്ണൂർ സർവ്വകലാശാല താവക്കര ക്യാംപസിൽ പ്രവർത്തിക്കുന്ന ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് പഠന വകുപ്പിൽ മാസ്റ്റർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള രണ്ട് സീറ്റുകളും പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്ത ഒരു സീറ്റും ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഒക്ടോബർ 18ന് രാവിലെ 10.30 ന് വകുപ്പ് മേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്. (ഫോൺ : 9895649188)

## ഒന്നാം സെമസ്റ്റർ ബിരുദ/ ബിരുദാനന്തര-ബിരുദ ക്ലാസുകൾ

കണ്ണൂർ സർവകലാശാല പഠന വകുപ്പുകൾ / സെന്ററുകളിലെ 2021-22 അധ്യയന വർഷത്തെ ഒന്നാം സെമസ്റ്റർ ബിരുദ/ ബിരുദാനന്തര ബിരുദ ക്ലാസുകൾ ഓൺലൈൻ രീതിയിൽ 2021 ഒക്ടോബർ 18 ന് ആരംഭിക്കുന്നതായിരിക്കും.